പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 754 | 12.12.2012-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| എ. പ്രദീപ്കുമാർ : | വി.എസ്.ശിവകുമാർ, (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| (എ) കേരളത്തിൽ എത്തുന്ന അന്യ സംസ്ഥാന തൊഴിലാളികളിൽനിന്ന് രോഗങ്ങൾ പടരാതിരിക്കുന്നതിനും, അവർക്കിടയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ)അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തുന്ന തൊഴിലാളികളിൽനിന്നും പകർച്ചവ്യാധികൾ പകരാതിരിക്കുവാൻ ആരോഗ്യവകുപ്പ് ആവശ്യമായ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) അന്യദേശതൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലും, ജോലിചെയ്യുന്നിടത്തും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. ഈ ക്യാമ്പുകളിൽ തൊഴിലാളികളെ വിശദമായ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കി രോഗനിർണ്ണയം നടത്തി ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നു. കൂടാതെ മലമ്പനി, മന്ത് തുടങ്ങിയ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും പ്രത്യേക രക്തപരിശോധനാ ക്യാമ്പുകളും സംഘടിപ്പിക്കാറുണ്ട്. രോഗം ഉണ്ടായവരെ കണ്ടെത്തി ചികിത്സ നൽകുകയും ആവശ്യമെന്നുകണ്ടാൽ തുടർ നിരീക്ഷണവും തേടുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യാറുണ്ട്. മറ്റുരോഗ പ്രതിരോധ പ്രവർത്തനങ്ങളും നടത്തിവരുന്നു. |

സെക്ഷൻ ആഫീസർ.